IFLA Section
Environment,
Sustainability and Libraries

ജനുവരി 2022

# എന്താണ് ഒരു ഹരിത ഗ്രന്ഥശാല?

മനുഷ്യരും സംഘടനകളും മൃഗങ്ങളും സസ്യങ്ങളും ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ചുറ്റുപാടിനെ അല്ലെങ്കിൽ അവസ്ഥയെ ആണ് പരിസ്ഥിതി എന്ന് പറയുന്നത്. പരിസ്ഥിതികൾ സ്വാഭാവികമോ സാമൂഹികമോ സാംസ്കാരികമോ ആകാം.

"ഭാവി തലമുറയുടെ ആവശ്യങ്ങൾ നിറവേറ്റുന്ന കഴിവിൽ വിട്ടുവീഴ്ച വരുത്താതെ വർത്തമാനകാല ആവശ്യങ്ങൾ നിറവേറ്റുന്ന" വികസനത്തെയാണ് സുസ്ഥിരവികസനം എന്ന് പറയുന്നത് (ഔർ കോമൺ ഫ്യൂച്ചർ, ബ്രണ്ട്ലാൻഡ് റിപ്പോർട്ട്, യുഎൻ).

കാലാവസ്ഥ വ്യതിയാനവും സാമൂഹിക അസമത്വങ്ങൾ ഉൾപ്പെടെയുള്ള മറ്റ് ഭീഷണികളും നിലവിലെ പരിസ്ഥിതിയെ അപകടത്തിലാക്കുന്നു. സുസ്ഥിര വികസനത്തിലൂടെ പരിസ്ഥിതി സംരക്ഷിക്കാൻ എല്ലാ സംഘടനകളും ശ്രമിക്കണം. സുസ്ഥിര വികസനത്തിൽ സജീവവും സുപ്രധാനവുമായ പങ്ക് വഹിക്കാൻ കഴിയുന്ന എല്ലാത്തരം ലൈബ്രറികളും ഇതിൽ ഉൾപ്പെടുന്നു.

പാരിസ്ഥിതിക സാമ്പത്തിക സാമൂഹിക സുസ്ഥിരത കണക്കിലെടുക്കുന്ന ലൈബ്രറിയാണ് ഹരിതവും സുസ്ഥിരവുമായ ലൈബ്രറി. ഹരിത സുസ്ഥിര ഗ്രന്ഥശാലകൾ ഏത് വലിപ്പത്തിലും ആകാം, എന്നാൽ അവയ്ക്ക് ഒരു വ്യക്തമായ സുസ്ഥിരത അജണ്ട ഉണ്ടായിരിക്കണം, അതിൽ താഴെപറയുന്നവ ഉൾപ്പെടുന്നു:

- ***ഗ്രീൻ കെട്ടിടങ്ങളും ഉപകരണങ്ങളും***: കെട്ടിടത്തിൻ്റെയും ഉപകരണങ്ങളുടെയും ഉദ്വമനം അല്ലെങ്കിൽ കാർബൺ കാൽപ്പാടുകൾ സജീവമായി കുറയുന്നു.
- ***ഗ്രീൻ ഓഫീസ് തത്വങ്ങൾ***: പ്രവർത്തന ദിനചര്യകളും പ്രക്രിയകളും പാരിസ്ഥിതികമായി സുസ്ഥിരമാണ്.
- **സുസ്ഥിര സമ്പദ് വ്യവസ്ഥ**: ഉപഭോഗം നിയന്ത്രിക്കപ്പെടുന്നതും വർത്തുളവും പങ്കുവയ്ക്കപ്പെടുന്നതുമായ സമ്പത്ത് വ്യവസ്ഥ സംവിധാനങ്ങൾ പുരോഗമിക്കുകയും സമൂഹത്തിന് പ്രാപ്യമാക്കുകയും ചെയ്യുന്നു
- **സുസ്ഥിര ലൈബ്രറി സേവനങ്ങൾ:** പ്രസക്തവും കാലികവുമായ വിവരങ്ങളിലേക്ക് ഉപഭോക്താക്കൾക്ക് ലളിതമായി എത്തിച്ചേരാൻ സാധിക്കും, അറിവ് പങ്കിടുന്ന ഇടങ്ങൾ , ഉപകരണങ്ങൾ, പാരിസ്ഥിതിക വിദ്യാഭ്യാസം എന്നിവ വാഗ്ദാനം ചെയ്യുന്നു, പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നു. ഗ്രന്ഥശാലകൾക്ക് പരിസ്ഥിതിയിന്മേൽ വ്യക്തമായ സ്വാധീനം ചെലുത്താൻ സാധിക്കും
- **സാമൂഹിക സുസ്ഥിരത:** നല്ല വിദ്യാഭ്യാസം, സാക്ഷരത, സാമൂഹിക ഇടപെടൽ, സാംസ്കാരിക വൈവിധ്യം, സാമൂഹിക ഉൾപ്പെടുത്തൽ, മൊത്തത്തിലുള്ള പങ്കാളിത്തം എന്നിവ പരിഗണിക്കപ്പെടുന്നു. അസമത്വം കുറയ്ക്കാൻ ലൈബ്രറി സജീവമായി പ്രവർത്തിക്കുന്നു.
- **പരിസ്ഥിതി മാനേജ്മെൻ്റ്:** പാരിസ്ഥിതിക ലക്ഷ്യങ്ങൾ സ്മാർട്ട് (നിർദ്ദിഷ്ടവും അളക്കാവുന്നതും കൈവരിക്കാവുന്നതും യാഥാർത്ഥ്യബോധമുള്ളതും സമയബന്ധിതവുമാണ്), പരിസ്ഥിതിയിൻ മേലുള്ള പ്രതികൂല സ്വാധീനം കുറയ്ക്കാൻ ലൈബ്രറികൾ ശ്രമിക്കുന്നു. ലൈബ്രറിയുടെ പാരിസ്ഥിതിക നയം അത് നടപ്പിലാക്കൽ പാരിസ്ഥിതിക പ്രവർത്തനങ്ങളുടെ പരിണിതഫലം എന്നിവ വിശാലമായ പ്രേക്ഷക സമൂഹത്തിലേക്ക് എത്തിക്കുന്നു
- **പാരിസ്ഥിതിക ലക്ഷ്യങ്ങളോടും പരിപാടികളോടുമുള്ള പ്രതിബദ്ധത:** യുഎൻ സുസ്ഥിര വികസന ലക്ഷ്യങ്ങൾ, പാരീസ് കാലാവസ്ഥാ ഉടമ്പടി, അനുബന്ധ പാരിസ്ഥിതിക സർട്ടിഫിക്കറ്റുകൾ, പ്രോഗ്രാമുകൾ എന്നിവയാൽ പ്രതിബദ്ധത നയിക്കപ്പെടുന്നു.

**Translated by: Akhila A S**